**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **31-08-2022 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പിന്റെ മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നത് എന്ന് അറിയിക്കാമോ; | (എ) | നിലവിൽ മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന പദ്ധതികളൊന്നും നടത്തി വരുന്നില്ല. എന്നാൽ മലമ്പുഴ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് പാലക്കാട് ജില്ലാ സ്റ്റേഡിയമായ കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇറിഗേഷൻ വകുപ്പിൽ നിന്ന് നിർമ്മാണം നടത്തുന്നതിനുള്ള പെർമിസീവ് സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കൂടാതെ മലമ്പുഴ മണ്ഡലത്തിലെ മരുത റോഡ് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 2022 - 23 വർഷത്തെ ബഡ്ജറ്റിൽ ക്രമ നം. 2324 ആയി 300 ലക്ഷം രൂപ അടങ്കൽതുക കണക്കാക്കിയും 60.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ , എസ്റ്റിമേറ്റ് എന്നിവ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നീ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | നിലവിൽ മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന പദ്ധതികളൊന്നും നടത്തി വരുന്നില്ല. എന്നാൽ മലമ്പുഴ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് പാലക്കാട് ജില്ലാ സ്റ്റേഡിയമായ കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇറിഗേഷൻ വകുപ്പിൽ നിന്ന് നിർമ്മാണം നടത്തുന്നതിനുള്ള പെർമിസീവ് |

| | | | |
|---|---|---|---|
| | | | **സാങ്ങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**കൂടാതെ മലമ്പുഴ മണ്ഡലത്തിലെ മരുത റോഡ് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 2022 - 23 വർഷത്തെ ബഡ്ജറ്റിൽ ക്രമ നം. 2324 ആയി 300 ലക്ഷം രൂപ അടങ്കൽതുക കണക്കാക്കിയും 60.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ , എസ്റ്റിമേറ്റ് എന്നിവ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ